പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u>
<u>ചോദ്യം നമ്പർ: 138</u> <u>27-06-2011-ൽ മറുപടിയ്ക്ക്</u>

## പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട്

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| എ) പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;<br><br>സി) റിപ്പോർട്ട് എന്നത്തേയ്ക്ക് പൂർണ്ണമായി നടപ്പിലാക്കും? | ബി) യും സി) യും<br>റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും വിവിധ വിഭാഗത്തിലുള്ള പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ പലതായതിനാൽ ഒരു ഏജൻസി മാത്രം വിചാരിച്ചാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല എന്നതിനാൽ ആരോഗ്യം, തൊഴിൽ, മത്സ്യബന്ധനം, തദ്ദേശഭരണം, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾ ആരംഭിക്കേണ്ട വിവിധ നടപടികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഫിഷറീസ് ഡയറക്ടറുടെ കീഴിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ